## 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1455** **19-06-2024 - ൽ മറുപടിയ്ക്ക്**

## മലപ്പുറം ജില്ലയിൽ എസ്.എസ്.എൽ.സി. പാസ്സായ വിദ്യാർത്ഥികളുടെ ഉപരിപഠനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പി. അനിൽ കുമാർ | | ശ്രീ വി ശിവൻകുട്ടി (പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | 2024-ലെ എസ്.എസ്.എൽ.സി. പൊതു പരീക്ഷയിൽ മലപ്പുറം ജില്ലയിൽ എത്ര വിദ്യാർത്ഥികൾ ഉപരിപഠനത്തിന് അർഹത നേടിയിട്ടുണ്ട്; ഇതിൽ എത്ര വിദ്യാർത്ഥികൾ എല്ലാ വിഷയത്തിനും എ പ്ലസ് നേടിയിട്ടുണ്ട്; വിശദവിവരം ലഭ്യമാക്കാമോ; | (എ) | (എ) **79730** പേർ മലപ്പുറം ജില്ലയിൽ ഉപരിപഠനത്തിന് അർഹത നേടിയിട്ടുണ്ട്. ആയതിൽ **11974** പേർ എല്ലാ വിഷയത്തിലും എ പ്ലസ് ഗ്രേഡ് നേടിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത ജില്ലയിൽ പ്ലസ് വൺ കോഴ്സിന് അഡ്മിഷൻ ലഭിക്കുന്നതിന് എത്ര അപേക്ഷകളാണ് ലഭിച്ചതെന്ന് വ്യക്തമാക്കാമോ; | (ബി) | (ബി) ആകെ അപേക്ഷകൾ **82446** എണ്ണമാണ്. ഇതിൽ **74840** ജില്ലയ്ക്കകത്തെ അപേക്ഷകളും **7606** ജില്ലയ്ക്ക് പുറത്ത് നിന്നുള്ള അപേക്ഷകളുമാണ്. |
| (സി) | മലപ്പുറം ജില്ലയിൽ പ്ലസ് വൺ കോഴ്സിന് ആകെ എത്ര സീറ്റുകളാണുള്ളതെന്നും അവ എതൊക്കെ വിഷയങ്ങളിലാണെന്നും തരംതിരിച്ച് വ്യക്തമാക്കാമോ; | (സി) | (സി) ആകെ ഹയർസെക്കണ്ടറി സീറ്റുകൾ **71036,** സയൻസ് സീറ്റുകൾ **28646,** കൊമേഴ്സ് സീറ്റുകൾ **23100**, ഹ്യുമാനിറ്റീസ് സീറ്റുകൾ **19290.** |
| (ഡി) | മലപ്പുറം ജില്ലയിൽ പ്ലസ് വൺ കോഴ്സിന് സീറ്റുകളുടെ എണ്ണം അപര്യാപ്തമാണെന്ന വിഷയം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (ഡി) | (ഡി) മുഖ്യഘട്ടത്തിലെ രണ്ട് അലോട്ട്മെന്റുകൾ പൂർത്തീകരിച്ച ശേഷമുള്ള പ്രവേശന വിവരങ്ങൾ അനുസരിച്ച് സീറ്റുകളുടെ അപര്യാപ്തത ഇല്ല. |
| (ഇ) | എങ്കിൽ സീറ്റുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് പുതിയ കോഴ്സുകളോ അധിക ബാച്ചുകളോ പുതിയ ഹയർസെക്കൻഡറി സ്കൂളുകളോ അനുവദിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദവിവരം ലഭ്യമാക്കാമോ; | (ഇ) | (ഇ) നിലവിൽ സാഹചര്യമില്ല. |
| (എഫ്) | 2024-ലെ എസ്.എസ്.എൽ.സി. പൊതു പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും എ പ്ലസ് നേടിയ വിദ്യാർത്ഥികൾക്ക് അവർ ആവശ്യപ്പെടുന്ന വിഷയങ്ങളിൽ ആവശ്യപ്പെടുന്ന സ്കൂളുകളിൽ പ്ലസ് വൺ കോഴ്സിന് അഡ്മിഷൻ നൽകാൻ നടപടി സ്വീകരിക്കുമോ; വിശദവിവരം ലഭ്യമാക്കാമോ? | (എഫ്) | (എഫ്) പ്ലസ് വൺ പ്രവേശനം മെരിറ്റ് അടിസ്ഥാനത്തിൽ ആണ് നടത്തുന്നത്. |

സെക്ഷൻ ഓഫീസർ